# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 173 06.01.2014-ൽ മറുപടി**

**സംസ്ഥാനത്തെ മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. എ. വാഹീദ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) വനമേഖലയിൽ മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ നിലവിൽ പരിശോധനകൾ നടത്തി വരുന്നു. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഐ. ജി. പി. ശ്രീ. സുരേഷ് രാജ് പുരോഹിത് ഐ. പി. എസ്. നെ ഇതിന്റെ മേധാവിയായി നിയമിച്ചിട്ടുണ്ട്. അന്തർ സംസ്ഥാന പോലീസ് ഉദ്യോഗസ്ഥ തലത്തിൽ 2012 സെപ്റ്റംബർ മാസം തമിഴ്നാട്, കോയമ്പത്തൂർ വച്ചും 2013 മാർച്ച് മാസം കർണ്ണാടക മൈസൂർ വെച്ചും 2013 നവംബർ മാസം തിരുവനന്തപുരത്തുവെച്ചും യോഗങ്ങൾ കൂടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സുപ്രധാന വിവരങ്ങൾ കൈമാറുകയും തുടർ നടപടികൾ സ്വീകരിച്ചും വരുന്നു. വനമേഖല ജാഗ്രതാ സമിതികൾ വഴി വിവര ശേഖരണം നടത്തി അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാൽ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്ത് ഇതിനായി ഒരു പ്രത്യേക സേന (കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് ) രൂപീകരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാൽ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| സി) | ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | ആവശ്യമായ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ട്. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| ഡി) | പ്രസ്തുത ഭീഷണിയെ നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | വനമേഖല ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാൽ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ